(ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ നവീകരണത്തിനും വികസനത്തിനും സഹായകരമായ പദ്ധതികളും രൂപകൽപ്പന ചെയ്ത് അവ സമയബന്ധിതമായി നടപ്പാക്കി സംസ്ഥാനത്തെ ടൂറിസം മേഖല വികസിപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി

* 5 [293] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റുകൾക്ക് താമസത്തിനും വിശ്രമത്തിനുമായി ടൂറിസം വകുപ്പ് വിവിധ സ്ഥലങ്ങളിൽ യാത്രിനിവാസുകളും, ടൂറിസ്റ്റ് കോംപ്ലക്സുകളും വഴിയോര വിശ്രമ കേന്ദ്രങ്ങളും നിർമ്മിച്ചുവരികയാണ്. തീർത്ഥാടക ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി ടൂറിസം വകുപ്പ് വിവിധ സ്ഥലങ്ങളിൽ തീർത്ഥാടക വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ധാരാളം റോഡുകളും നിർമ്മിച്ചിട്ടുണ്ട്. ഇത് കൂടാതെ ടൂറിസം വകുപ്പ് വിവിധ ബസ് സ്റ്റാൻറുകളിലും പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പേ ആൻറ് യൂസ് ടോയ്ലറ്റുകൾ നിർമ്മിച്ചു വരികയാണ്. ഇവയിൽ പലതും ഈ രംഗത്ത് പ്രശസ്തിയാർജ്ജിച്ച സുലഭ് ഇൻറർനാഷണൽ എന്ന ഏജൻസിയാണ് നടത്തിപ്പോരുന്നത്. കൂടാതെ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനായി സ്വകാര്യ മേഖലയെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വഴിയോരം ഇതിൽ ഒന്നാണ്. സ്വകാര്യമേഖലയെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനായി ഇൻവെസ്റ്റ്മെൻറ് സബ്സിഡിയും, ഇലക്ട്രിസിറ്റി സബ്സിഡിയും റസ്റ്റോറൻറുകൾക്കും, ഹോട്ടലുകൾക്കും നൽകിവരുന്നു.

താപനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച പഠനം

*6 [294] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, കെ. വി. രാജേന്ദ്രൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താപനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ശ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനത്തിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly